**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 583** **02-02-2023 - ല്‍ മറുപടിയ്ക്ക്**

**പയ്യന്നൂര്‍ സബ് ട്രഷറി നിര്‍മ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനന്‍ | | ശ്രീ കെ എന്‍ ബാലഗോപാല്‍<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂര്‍ മണ്ഡലത്തിലെ പയ്യന്നൂര്‍ സബ് ട്രഷറി നിര്‍മ്മാണത്തിന്റെ പുരോഗതി അറിയിക്കാമോ; | (എ) | പയ്യന്നൂര്‍ സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിര്‍മ്മിക്കുന്നതിനായി സര്‍ക്കാരില്‍ നിന്നും ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടുള്ളതും നിര്‍മ്മാണ പ്രവൃത്തികള്‍ക്കായി നിര്‍മ്മാണ നിര്‍വ്വഹണ ഏജന്‍സിയായ ഇന്‍കെല്‍ ലിമിറ്റഡ് PMC ആയി 2019 നവംബര്‍ 4-നു നിര്‍മ്മാണ പ്രവൃത്തികള്‍ ആരംഭിച്ചിട്ടുള്ളതുമാണ്. കോവിഡ് മഹാമാരി നിര്‍മ്മാണ പ്രവര്‍ത്തനങ്ങളെ പ്രതികൂലമായി ബാധിക്കുകയുണ്ടായി. അതിനാല്‍ തന്നെ നിര്‍മ്മാണപ്രവൃത്തികള്‍ നീണ്ടു പോകുകയാണുണ്ടായത്. നിലവില്‍ കെട്ടിട നിര്‍മ്മാണം അന്തിമ ഘട്ടത്തിലാണ്. അവശേഷിക്കുന്ന 10% പ്രവൃത്തികള്‍ പൂര്‍ത്തിയായി വരുന്നു. |
| (ബി) | പ്രസ്തുത നിര്‍മ്മാണം സമയബന്ധിതമായി പൂര്‍ത്തീകരിക്കാന്‍ കഴിയാത്തത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ ആയത് പരിഹരിച്ച് നിര്‍മ്മാണ പ്രവര്‍ത്തനങ്ങള്‍ ത്വരിതപ്പെടുത്തുവാന്‍ സ്വീകരിച്ച നടപടികള്‍ വിശദമാക്കാമോ; | (ബി) | ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ട്. നിര്‍മ്മാണ പ്രവൃത്തികള്‍ അടിയന്തിരമായി പൂര്‍ത്തിയാക്കുന്നതിന് ഇന്‍കെല്‍ ലിമിറ്റഡിന് നിര്‍ദ്ദേശം നല്‍കിയിട്ടുണ്ട്. കൂടാതെ കണ്ണൂര്‍ ജില്ലാ ട്രഷറി ഓഫീസറേയും ജില്ലയിലെ ഇതുമായി ബന്ധപ്പെട്ട നോഡല്‍ ഓഫീസറേയും ഇക്കാര്യങ്ങള്‍ ഉറപ്പുവരുത്തുന്നതിനു ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത കെട്ടിട നിര്‍മ്മാണം പൂര്‍ത്തീകരിച്ച് എപ്പോള്‍ ഉദ്ഘാടനം ചെയ്യാന്‍ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ? | (സി) | സര്‍ക്കാരിന്റെ മൂന്നാം നൂറുദിന പരിപാടിയില്‍ ഉള്‍പ്പെടുത്തി ഉദ്ഘാടനം നിശ്ചയിച്ചിരിക്കുന്ന ട്രഷറി കെട്ടിടങ്ങളില്‍ പയ്യന്നൂര്‍ സബ് ട്രഷറിയും ഉള്‍പ്പെട്ടിട്ടുണ്ട്. നിര്‍മ്മാണ പ്രവൃത്തികള്‍ അടിയന്തരമായി പൂര്‍ത്തിയാക്കുന്നതിന് ഇന്‍കെല്‍ ലിമിറ്റഡിന് നിര്‍ദ്ദേശം നല്‍കിയിട്ടുണ്ട്. കൂടാതെ കണ്ണൂര്‍ ജില്ലാ ട്രഷറി ഓഫീസറേയും ജില്ലയിലെ ഇതുമായി ബന്ധപ്പെട്ട നോഡല്‍ ഓഫീസറേയും |

| | | | |
|---|---|---|---|
| | | | ഇക്കാര്യങ്ങൾ ഉറപ്പ് വരുത്തുന്നതിനു ചുമതലപ്പെടുത്തിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ